KERALA ELECTRICITY EMPLOYEES' CONFEDERATION
INTUC
KEEC
(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P<br>9447083300 | Adv. SIBYKUTTY FRANCIS<br>9447303578 | NAZEER.M<br>9447241503 |


തിരുവനന്തപുരം
04.01.2025

**19.12.2024 വ്യാഴാഴ്ച കോട്ടയം റെഡ്ക്രോസ്സ് ആഡിറ്റോറിയത്തിൽ ചേർന്ന കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC) യുടെ സംസ്ഥാന കൗൺസിലിന്റെ മിനിറ്റ്സ്**

**അജണ്ട :**

1. ഇലക്ട്രിസിറ്റി വർക്കർ പ്രമോഷൻ
2. DA, മണിയാർ - സമരം
3. നിയമസഭാ മാർച്ച്
4. KPCC ഡയറി പരസ്യം
5. ട്രെയിനിംഗ് ക്ലാസ് (ലിസ്റ്റ്)
6. ചേർത്തല കലേഷ് ചികിത്സ സഹായം
7. വയനാട് ഭവന നിർമ്മാണം

യോഗം രാവിലെ കൃത്യം 10 ന് ഈശ്വര പ്രാർത്ഥനയോടെ സംസ്ഥാന പ്രസിഡന്റ് കെ.പി.ധനപാലന്റെ അധ്യക്ഷതയിൽ ആരംഭിച്ചു. ആമുഖമായി അജണ്ട വിഷയങ്ങൾ നിലവിലെ KSEBL ലെ വിഷയങ്ങൾ വർക്കിങ് പ്രസിഡണ്ട് അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ് അവതരിപ്പിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി നസീർ.എം സ്വാഗതം പറഞ്ഞു. DA ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ശക്തമായ സമരപരിപാടികളിലേക്ക് കടക്കുമെന്ന് ജനറൽ സെക്രട്ടറി വിശദീകരിച്ചു. സംസ്ഥാന സെക്രട്ടറിയേറ്റ് അംഗങ്ങളെ മുഴുവൻ സ്റ്റേജിലേക്ക് ക്ഷണിച്ചിരുത്തി. സർവ്വീസിൽ നിന്നും 31.12.2024 ന് വിരമിക്കുന്ന UDEEF ജനറൽ സെക്രട്ടറി കെ.പി സുനിൽ കുമാർ, KEEC സംസ്ഥാന വൈസ് പ്രസിഡന്റ് സി.വി.കുര്യാച്ചൻ എന്നിവരെ യോഗം അനുമോദിച്ചു. അവർ നാളിതുവരെ ജീവനക്കാർക്കും സംഘടനയ്ക്കും വേണ്ടി നടത്തിയ സേവനങ്ങൾ അനുസ്മരിച്ചു. സംസ്ഥാന സെക്രട്ടറിയേറ്റ് അംഗങ്ങളായ ട്രഷറർ ഉണ്ണികൃഷ്ണൻ.പി, വൈസ് പ്രസിഡന്റ് : നിസാറുദീൻ, ജംഹർ കെ.എം, യമുന സി.എസ്, കലേഷ് കുമാർ സി.ബി, കുര്യാച്ചൻ സി.വി സംസ്ഥാന സെക്രട്ടറിമാരായ ജയകുമാർ.എസ്, മുഹമ്മദ് ഷമീം, പ്രസാദ്, ജോയിന്റ് സെക്രട്ടറിമാരായ രാജേഷ് ബി നായർ, മുഹമ്മദ് ഷെരീഫ്, രഞ്ജിത്ത് കെ.കെ, നിഷാദ്.ടി, സുരേഷ് ബാബു ടി വി.പി, മെൽബിൻ ആന്റണി, ഓർഗനൈസിംഗ് സെക്രട്ടറിമാരായ ഖാജാ, ജോസഫ്, തോമസ്, രാധാകൃഷ്ണപിള്ള, ജിജിൻ എന്നിവർ നിലവിലെ സംഘടനാ വിഷയങ്ങളും ജീവനക്കാർ നേരിടുന്ന പ്രശ്നങ്ങളും വിശദീകരിച്ചു.

തുടർന്ന് ജില്ലകളെ പ്രതിനിധീകരിച്ച് ഗോപകുമാർ (കാസറഗോഡ്) രാജേഷ് കുമാർ എസ്.ആർ (തിരുവനന്തപുരം), ദിനേശ് (കണ്ണൂർ), സുദർശനൻപിള്ള (കൊല്ലം), പ്രദീപ് കുമാർ (ആലപ്പുഴ), സദാശിവൻ (കോഴിക്കോട്), സംജീർ (മലപ്പുറം), യൂസഫ് (എറണാകുളം), ജെയിംസ് (ഇടുക്കി), നിസാറുദീൻ (കോട്ടയം), ഉദയകുമാർ (തൃശൂർ), സുനിൽ (പാലക്കാട്), സതീഷ് (വൈദ്യുതി ഭവൻ) എന്നിവർ സംഘടനാ വിഷയങ്ങൾ അവതരിപ്പിച്ചു.

സ്റ്റേറ്റ് സെക്രട്ടറിയേറ്റ് എല്ലാ 2 മാസത്തിലൊരിക്കലും കൂടണമെന്നും, വർക്കർ പ്രമോഷൻ കാര്യത്തിൽ കേസിൽ ചേരാൻ പറ്റുമെങ്കിൽ ചേരണമെന്നും പ്രതിഷേധവാരം നടത്താത്ത ഡിവിഷനുകളിൽ ഉടൻ നടത്തുമെന്നും, മണിയാർ വിഷയം വൈകിയാണെങ്കിലും പാർട്ടി ഏറ്റെടുത്തത് സന്തോഷകരമാണെന്നും വയനാട് പുനരധിവാസത്തിന് എന്തെങ്കിലും ചെയ്യണമെന്നും, റഫറണ്ടത്തിൽ എങ്ങനെ വിജയിക്കാൻ സാധിക്കുമെന്നും, മണിയാർ നമ്മുടെ സമരവുമായി ബന്ധപ്പെട്ട വർക്കിങ് പ്രസിഡന്റ് ചാനലുകളിൽ അവതരിപ്പിച്ചത് പ്രയോജനപ്പെട്ടു വെന്നും ഇടത് ഭരണം വൈദ്യുതി ബോർഡിലെ കറവപ്പശു ആക്കിയെന്നും, ശബരിമല സീസനുശേഷം മണിയാർ വിഷയത്തിൽ പ്രതിഷേധം വയ്ക്കുന്നതായിരിക്കും നല്ലതെന്നും 2 ദിവസം വരുന്ന സംസ്ഥാന കൗൺസിൽ ചേരുന്നത് ചർച്ച ചെയ്യണമെന്നും, ഏപ്രിലിൽ റഫറണ്ടം കാലാവധി തീരുമെന്നതിനാൽ ഇനിയുള്ള നമ്മുടെ പ്രവർത്തനങ്ങൾ റഫറത്തിലെ അംഗീകാരം മുന്നിൽ കണ്ടായിരിക്കണമെന്നും, ബൈക്ക് റാലി നടത്തണമെന്നും, വർക്കറുടെ വിഷയത്തിൽ നമ്മൾ എടുത്ത നിലപാടുകൾ നേട്ടമുണ്ടാക്കിയെന്നും സമരാഗ്നിക്ക് ജീവനക്കാരുടെ സഹകരണം ലഭിച്ചുവെന്നും അർഹതപ്പെട്ട ട്രാൻസ്ഫറിനുവേണ്ടി ശ്രമം നടത്തണമെന്നും, ഇലക്ട്രിസിറ്റി വർക്കർമാർക്ക് നമ്മൾ മാത്രമാണ് ആശ്രയമെന്നും, അവരുടെ പ്രമോഷൻ വിഷയത്തിൽ ഒരു പണിമുടക്ക് നടത്തിയാൽ വിജയിക്കുമെന്നും, വയനാട് സഹായത്തിന്റെ ഭാഗമായി ഒരു വീട് എങ്കിലും നൽകണമെന്നും വാതിൽപ്പടി സേവനം ജീവനക്കാരെ ഉപദ്രവിക്കൽ ആണെന്നും, സബ് എഞ്ചിനീയർ ആകുന്നവർക്ക് ട്രെയിനിങ് ലഭിക്കണമെന്നും, DA ക്ക് കേസ് കൊടുക്കണമെന്നും 15 പേർ മാത്രമുള്ള KPWC വിഘടിത പ്രവർത്തനം നടത്തുന്നത് തടയപ്പെടണമെന്നും, മണിയാറിന് പിന്നാലെ കുത്തുങ്കൽ ഉൾപ്പടെയുള്ള പദ്ധതികൾ സ്വകാര്യ കുത്തകകൾക്ക് പോകുമെന്നും, ആശ്രിത നിയമനം നടത്തുവാൻ ശ്രമം നടത്തണമെന്നും, യൂണിയൻ ബോർഡിന്റെ ഒരു സാമ്പത്തിക ധവളപത്രം ഇറക്കണമെന്നും CITU നടത്തുന്ന പരിപാടികൾ Contract കാരെയും Pension കാരേയും കൂട്ടിയാണ് നടത്തുന്നതെന്നും, പണിമുടക്ക് നോട്ടീസ് നൽകണമെന്നും, ചേർത്തല ഡിവിഷൻ അരൂർ സെക്ഷനിലെ നമ്മുടെ അംഗമായ ലൈൻമാൻ ശ്രീ.കലേഷിന്റെ മകന്റെ ചികിത്സാർത്ഥം സ്വരൂപിക്കുന്ന ഫണ്ട് വിജയിപ്പിക്കണമെന്നും, മീറ്റർ റീഡർമാരുടെ നോം വർദ്ധിപ്പിക്കുന്നതിന് എതിർക്കണമെന്നും സോളാർ എടുക്കുന്ന ദിവസങ്ങളിലെ നോം കുറയ്ക്കണമെന്നും, ഭരണം കിട്ടിയാൽ എല്ലാത്തിനും മറുപടി നൽകണമെന്നും, സോഷ്യൽ മീഡിയ ഗ്രൂപ്പ് ശക്തമാക്കണമെന്നും, RDSS അഴിമതി അന്വേഷണം ആവശ്യപ്പെടണമെന്നും ഇനിയും ലഭിക്കാനുള്ള ട്രാൻസ്ഫറുകൾ എങ്ങനെയും പരിഹരിച്ചെടുക്കണമെന്നുമുള്ള കാര്യങ്ങൾ കൗൺസിൽ അംഗങ്ങൾ ചർച്ചയിൽ

ഉന്നയിച്ചു. നമ്മൾ പണിമുടക്ക് നടത്തിയാലും കോൺട്രാക്ടിൽ ആൾക്കാരെ തിരുകിക്കയറ്റിയിരിക്കുന്നതിനാൽ ബോർഡ് അത് പരാജയപ്പെടുത്താൻ ശ്രമിക്കും. അതിനെ നേരിടാൻ ഫീൽഡിൽ നമ്മുടെ എല്ലാ അംഗങ്ങളെയും കാര്യം പറഞ്ഞ് മനസ്സിലാക്കണമെന്നും നിർദ്ദേശം വന്നു.

തുടർന്ന് 1.30 PM ന് ചാണ്ടി ഉമ്മൻ MLA ഹാളിൽ എത്തി. പ്രസിഡന്റ് കെ.പി.ധനപാലന്റെ അധ്യക്ഷതയിൽ അനുമോദന യോഗം ചാണ്ടി ഉമ്മൻ MLA ഉദ്ഘാടനം ചെയ്തു. സർവ്വീസിൽ നിന്നും വിരമിക്കുന്ന കെ.പി.സുനിൽ കുമാറിനെയും, കുര്യാച്ചൻ സി.വി യെയും യോഗം അനുമോദിച്ച് മെമന്റോ നൽകി. KEEC സോഷ്യൽ മീഡിയയിൽ ശ്ലാഘനീയ പ്രവർത്തനങ്ങൾ നടത്തുന്ന സുനിൽ കക്കുഴിയെയും ഇർഷാദിനെയും മൊമെന്റോ നൽകി യോഗം ആദരിച്ചു. KEEC ജില്ലാ പ്രസിഡന്റും, കോട്ടയം DCC പ്രസിഡന്റുമായ നാട്ടകം സുരേഷ് മുഖ്യപ്രഭാഷണം നടത്തി. INTUC നേതാക്കളായ തോമസ് കല്ലാടൻ, കുഞ്ഞ് ഇല്ലമ്പള്ളി, DCC വൈസ് പ്രസിഡന്റ് ഗോപകുമാർ എന്നിവർ അനുമോദന പ്രസംഗം നടത്തി. കഴിഞ്ഞ 2 ദിവസങ്ങളിൽ പാല, പൊൻകുന്നം ഡിവിഷൻ കമ്മിറ്റികൾ സംഘടിപ്പിച്ച അനുമോദന യോഗത്തിൽ മാണി.സി.കാപ്പൻ MLA, മോൻസ് ജോസഫ് MLA തുടങ്ങിയ MLA മാരും DCC ഭാരവാഹികളും പങ്കെടുത്തിരുന്നുവെന്നും അടുത്ത ദിവസം വൈക്കം ഡിവിഷൻ സംഘടിപ്പിക്കുന്ന അനുമോദന യോഗത്തിൽ ജോസഫ് വാഴയ്ക്കൻ Ex.MLA പങ്കെടുക്കുമെന്നും വർക്കിങ് പ്രസിഡന്റ് അനുമോദന യോഗത്തിൽ പറഞ്ഞു. കെ.പി.സുനിൽ കുമാറും, കുര്യാച്ചൻ സി.വി യും മറുപടി പ്രസംഗം നടത്തി. തുടർന്ന് ഉച്ചഭക്ഷണത്തിനായി യോഗം പിരിഞ്ഞു. 2.45 PM ന് വീണ്ടും സ്റ്റേറ്റ് കൗൺസിൽ തുടർന്നു. ജില്ലയിൽ നിന്നുള്ളവർക്ക് ഉൾപ്പടെ എല്ലാവരും സംസാരിച്ചു. <u>ചർച്ചയിൽ വന്നതും ഉന്നയിക്കപ്പെട്ടതുമായ വിവിധ വിഷയങ്ങളിൽ താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.</u>

1. സംസ്ഥാന സെക്രട്ടറിയേറ്റ് 2 മാസത്തിലൊരിക്കൽ കൂടണം.
2. വയനാട് പുനരധിവാസത്തിന് ഒരു വീട് നൽകുന്നതിനുള്ള ഊർജ്ജിത ശ്രമം നടത്തണമെന്നും അതിനായി സഹായം നൽകുന്നവരുടെ സമ്മതപത്രവും Amount ഉം ആദ്യം വാങ്ങിയതിനുശേഷം QR കോഡിലൂടെ യൂണിയൻ അക്കൗണ്ടിൽ പണം ശേഖരിക്കണമെന്നും തീരുമാനിച്ചു.
3. KPCC ഡയറിയിൽ പരസ്യം Rs.50,000/- കൊടുക്കണമെന്ന് തീരുമാനിച്ചു.
4. മണിയാർ വിഷയത്തിൽ ജനുവരിയിൽ സമരം നടത്തണം
5. നിയമസഭ മാർച്ച് നടത്തുന്നെങ്കിൽ സെക്രട്ടറിയേറ്റ് കൂടിയതിനുശേഷം തീരുമാനമെടുക്കാൻ തീരുമാനിച്ചു.
6. സ്റ്റേറ്റ് കൗൺസിലിന് തലേദിവസം സെക്രട്ടറിയേറ്റ് ചേരണമെന്നും അങ്ങനെ 2 ദിവസമായി ചർച്ചകൾ നടക്കട്ടെയെന്നും തീരുമാനിച്ചു.
7. DA കേസ് ഇപ്പോൾ വേണമോ എന്ന് സെക്രട്ടറിയേറ്റ് കൂടി തീരുമാനം എടുക്കണം.
8. ആശ്രിത നിയമനം നടത്താൻ നീക്കം നടത്തണം.

9. DA, വർക്കർ പ്രമോഷൻ വിഷയത്തിൽ പണിമുടക്ക് നടത്തണം. അത് എങ്ങനെ എപ്പോൾ എന്നത് യുക്തമായി തീരുമാനമെടുത്ത് വിജയിപ്പിക്കണമെന്നും തീരുമാനിച്ചു.
10. ട്രെയിനിംഗ് ക്ലാസ്സ് ഉടൻ നടത്തുവാനും അതിന്റെ ലിസ്റ്റുകൾ ജില്ലകളിൽ നിന്നും ലഭിച്ചതിനുശേഷം നടത്തുവാനും തീരുമാനിച്ചു.
11. കലേഷിനുവേണ്ടി പിരിക്കുന്ന തുക 2025 ജനുവരിയിൽത്തന്നെ കൈമാറാനും, എല്ലാവരും സഹകരിക്കണമെന്നും തീരുമാനിച്ചു.

Nazeer

ജനറൽ സെക്രട്ടറി